# ഹയർസെക്കന്ററി - വൊക്കേഷണൽ ഹയർസെക്കന്ററി

# മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുക

# 2013 സെപ്തംബർ 24 മുതൽ

# ഡയറക്ടറേറ്റുകൾക്കുമുന്നിൽ

# അധ്യാപകരുടെ അനിശ്ചിതകാല സത്യാഗ്രഹം

- ☞ സ്റ്റാറ്റ്യൂട്ടറി പെൻഷൻ പുനഃസ്ഥാപിക്കുക.
- ☞ ഹയർസെക്കന്ററി പ്രിൻസിപ്പാൾമാരുടെ ശമ്പള സ്കെയിൽ പുനഃസ്ഥാപിക്കുക.
- ☞ വി.എച്ച്.എസ്.ഇ സ്പെഷ്യൽ റൂളിലെ അപാകതകൾ പരിഹരിക്കുക, പിരീഡുകളുടെ സമയ ദൈർഘ്യം 45 മിനിട്ടായി കുറയ്ക്കുക.
- ☞ പ്രിൻസിപ്പാൾ തസ്തിക അധിക തസ്തികയാക്കുക.
- ☞ ഹയർസെക്കന്ററിയിൽ ഓൺലൈൻ സ്ഥലംമാറ്റം നടത്തുക. സ്ഥലംമാറ്റത്തിലെ അഴിമതിയും സ്വജന പക്ഷപാതവും അവസാനിപ്പിക്കുക.
- ☞ വി.എച്ച്.എസ്.ഇ യിൽ മാനദണ്ഡങ്ങൾ ലംഘിച്ചുനടത്തിയ എല്ലാ സ്ഥലംമാറ്റങ്ങളും റദ്ദുചെയ്യുക. സ്ഥലംമാറ്റത്തിലൂടെ അധ്യാപകരെ ദ്രോഹിച്ചതിന് ഉത്തരവാദികളായവരുടെ പേരിൽ അച്ചടക്ക നട പടി സ്വീകരിക്കുക.
- ☞ 5 വർഷം പൂർത്തിയായ ജൂനിയർ അധ്യാപകർക്ക് സീനിയർ അധ്യാപകരുടെ ആനുകൂല്യങ്ങൾ നൽകുക.
- ☞ പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക.
- ☞ എ.ഡി, ജെ.ഡി തസ്തികകളിൽ പ്രിൻസിപ്പാൾമാരെ പ്രമോഷൻ നൽകി നിയമിക്കുക.
- ☞ മുഴുവൻ ജി.എഫ്.സി അധ്യാപകർക്കും ശമ്പള സ്കെയിൽ അനുവദിക്കുക.
- ☞ ഹയർസെക്കന്ററി ഡയറക്ടറേറ്റിന്റെ പ്രവർത്തനം ജില്ലകളിലേക്ക് വികേന്ദ്രീകരിക്കുക.
- ☞ അധിക ബാച്ചുകളുടെ തസ്തിക അനുവദിച്ച് അംഗീകാരം നൽകുന്ന നടപടി പൂർത്തിയാക്കുക.
- ☞ മലബാർ മേഖലയിൽ അനുവദിച്ച പുതിയ ഹയർസെക്കന്ററി വിദ്യാലയങ്ങളിലെ അധ്യാപകർക്ക് അവധിക്കാല ശമ്പളം അനുവദിക്കുക.
- ☞ പിരീഡുകൾ പുനഃക്രമീകരിച്ച് സ്കൂൾ പ്രവൃത്തിദിനം അഞ്ചാക്കുക.
- ☞ ഹയർസെക്കന്ററി അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുക.
- ☞ ബൈട്രാൻസ്ഫർ പ്രമോഷൻ നൽകേ തസ്തിക നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുക.
- ☞ വൊക്കേഷണൽ ഹയർസെക്കന്ററി ശാസ്ത്രീയവും സമഗ്രവുമായ പരിഷ്കരണത്തിന് വിധേയമാക്കുക.
- ☞ ഏകജാലകസംവിധാനം അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക.
- ☞ സ്വകാര്യഹയർസെക്കന്ററി സ്കൂൾ അധ്യാപകരുടെ പി.എഫ് ക്രെഡിറ്റ് കാർഡ് ഉടൻ വിതരണം ചെയ്യുക.
- ☞ എൽ.ഡി.എഫ് സർക്കാർ അനുവദിച്ച സറർ ആനുകൂല്യം തിരിച്ചു പിടിച്ച യു.ഡി.എഫ് സർക്കാർ ഉത്തരവ് റദ്ദാക്കുക.
- ☞ ശമ്പളപരിഷ്കരണറിപ്പോർട്ടിലെ നിർദ്ദേശപ്രകാരം മിനിസ്റ്റീരിയൽ ജീവനക്കാരെ അനുവദിക്കുക.
- ☞ പാഠ്യപദ്ധതി അട്ടിമറിക്കാനുള്ള നീക്കം ഉപേക്ഷിക്കുക.
- ☞ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുക ; ഭാഷാധ്യാപക തസ്തികയ്ക്കും ഇത് ബാധകമാക്കുക.
- ☞ സ്പെഷ്യൽറൂളിന് മുമ്പ് സർവ്വീസിൽ വന്ന സ്വകാര്യ സ്കൂളിലെ അധ്യാപകർക്ക് സീനിയർ തസ്തിക അനുവദിക്കുക.
- ☞ എയ്ഡഡ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരെ സെൽഫ് ഡ്രോയിംഗ് ഓഫീസർമാരാക്കുക.
- ☞ 2004 മുതൽ സർവ്വീസിലുള്ള മുഴുവൻ അധ്യാപകരുടെയും പ്രൊബേഷൻ ഡിക്ലയർ ചെയ്യുക.

☞ ഗസ്റ്റ് അധ്യാപകർക്ക് അർഹമായ വേതനം നൽകുക.
☞ ലബ്ബാകമ്മിറ്റി റിപ്പോർട്ടിലെ പ്രതിലോമ നിർദ്ദേശങ്ങൾ തള്ളിക്കളയുക.

സുഹൃത്തേ,

രും മൂന്നും പതിറ്റാുകളായി കേരളത്തിൽ പ്രവർത്തിക്കുന്ന ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി മേഖലകൾ പ്രശ്ന സങ്കീർണ്ണമായി തുടരുകയാണ്. ഭരണാധികാരികളുടെ സമീപനങ്ങൾ ഈ മേഖലകൾ ശക്തിപ്പെടുത്തുന്നതിന് തീരെ ഗുണകരമല്ല. നിലവിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു പകരം പുതിയവ സൃഷ്ടിക്കാനാണ് അധികൃതർ ശ്രമിക്കുന്നത്.

നിലവിലുള്ള മാനദണ്ഡങ്ങൾ കാറ്റിൽപ്പറത്തി അധ്യാപകരെ തലങ്ങും വിലങ്ങും സ്ഥലംമാറ്റി സാമ്പത്തികലാഭം നേടാനാണ് ഭരണാധികാരികൾ ശ്രമിക്കുന്നത്. ഹയർസെക്കന്ററി മേഖലയിൽ സ്ഥലംമാറ്റങ്ങൾ എന്നു നടക്കുമെന്നോ, എന്നു പൂർത്തിയാകുമെന്നോ ആർക്കും ഒരു നിശ്ചയവുമില്ല. സ്പെഷ്യൽ ഓർഡർ സ്ഥലംമാറ്റങ്ങൾ നടത്താനാണ് അധികൃതർക്ക് താൽപര്യം. പുതിയ ഹയർസെക്കന്ററി വിദ്യാലയങ്ങൾ അനുവദിക്കാനുള്ള നീക്കവും കച്ചവടതാൽപര്യത്തിന്റെ ഭാഗമാണ്. ആയിരക്കണക്കിന് സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ വ്യക്തമായ പഠനം നടത്താതെ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നത് നിലവിലുള്ളവയെ തകർക്കും. അധ്യാപക നിയമനങ്ങൾക്ക് ചെറിയതോതിലെങ്കിലും സാമൂഹിക നിയന്ത്രണം ഏർപ്പെടുത്താനുള്ള ഡയറക്ടറുടെ ശ്രമം മന്ത്രിതന്നെ ഇടപെട്ടുപൊളിച്ചു. മാനേജുമെന്റുകളുടെ സമ്മർദ്ദം മറികടക്കാൻ യു.ഡി.എഫിന് കഴിയില്ല.

അധ്യാപകരുടെ നിരവധി സർവ്വീസ് പ്രശ്നങ്ങൾക്ക് പരിഹാരമുാക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നും ഒരുശ്രമവുമില്ല. നൂറുകണക്കിന് അധ്യാപകർക്ക് നിയമനാംഗീകാരം ലഭിക്കാനു്. തസ്തിക സൃഷ്ടിച്ച തീയതി മുതൽ നിയമനാംഗീകാരവും അവധിക്കാല ശമ്പളവും നൽകാതെ സാങ്കേതിക കാരണങ്ങൾ പറഞ്ഞ് നീട്ടിക്കൊുപോവുകയാണ്. 2010-11, 11-12 വർഷങ്ങളിലാരംഭിച്ച പുതിയ വിദ്യാലയങ്ങളിലും അഡീഷണൽ ബാച്ചുകളിലും നിയമിക്കപ്പെട്ടവർ വളരെയധികം പ്രയാസങ്ങളനുഭവിക്കുകയാണ്. നിരവധി മാസങ്ങൾ ശമ്പളമില്ലാതെ ജോലിചെയ്യേിവന്നു.

പ്രിൻസിപ്പാൾമാരുടെ തസ്തിക അധികതസ്തികയാക്കാനോ ആവശ്യമായ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാനോ സർക്കാർ തയ്യാറായില്ല. വൊക്കേഷണൽ ഹയർസെക്കന്ററി സ്പെഷ്യൽ റൂളിൽ ഭേദഗതികൾ വരുത്തണമെന്നാവശ്യം പരിഗണിക്കപ്പെട്ടിട്ടില്ല. പിരീഡുകളുടെ സമയദൈർഘ്യം കുറയ്ക്കണമെന്ന ദീർഘകാലത്തെ ആവശ്യം തുടരുകയാണ്. എല്ലാ ജി.എഫ്.സി അധ്യാപകർക്കും ശമ്പളസ്കെയിൽ നൽകിയിട്ടില്ല.

അക്കാദമിക്രംഗത്തെ ഇടപെടലും ഫലപ്രദമല്ല. അധ്യാപക ശാക്തീകരണത്തിന് ഫലപ്രദമായ നടപടികളില്ല. പാഠപുസ്തകപരിഷ്കരണം അനിശ്ചിതമായി നീളുകയാണ്. സർക്കാരിന്റെ കാര്യക്ഷമവും ശാസ്ത്രീയവുമായ ഇടപെടലുകൾ ഉാവാത്തതിനാൽ കേരളത്തിലെ എച്ച്.എസ്.എസ്-വി.എച്ച്.എസ്.എസ് മേഖല തകർച്ച നേരിടുകയാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് സർക്കാരിന്റെ പ്രതിലോമ നയങ്ങൾ തിരുത്തിക്കുറിക്കാൻ കെ.എസ്.ടി.എ അനിശ്ചിതകാല പ്രക്ഷോഭത്തിനൊരുങ്ങുന്നത്.

സെപ്തംബർ 24 മുതൽ ഹയർസെക്കന്ററി-വൊക്കേഷണൽ ഹയർസെക്കന്ററി ഡയറക്ടറേറ്റുകൾക്കുമുന്നിൽ നടത്തുന്ന അനിശ്ചിതകാല സത്യാഗ്രഹസമരത്തിൽ പങ്കെടുക്കണമെന്ന് എല്ലാ അധ്യാപകരോടും അഭ്യർത്ഥിക്കുന്നു.

അഭിവാദനങ്ങളോടെ

**കെ എൻ സുകുമാരൻ**
പ്രസിഡന്റ്

**എം ഷാജഹാൻ**
ജനറൽ സെക്രട്ടറി

**കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**